**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3455** **26-10-2021 - ൽ മറുപടിയ്ക്ക്**

**രാസവളങ്ങളും കീടനാശിനികളും ജൈവവളവും വില്പന നടത്തുന്നതിനുള്ള ലൈസൻസ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികാവശ്യത്തിനുള്ള രാസവളങ്ങളും കീടനാശിനികളും ജൈവവളങ്ങളും വില്പന നടത്തുന്നതിന് ലൈസൻസ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | (I)രാസവളങ്ങളും ജൈവവളങ്ങളും വില്പന നടത്തുന്നതിന് ലൈസൻസ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ കാർഷികാവശ്യത്തിനുള്ള രാസവളങ്ങളും ജൈവവളങ്ങളും വില്പന നടത്തുന്നതിന് രണ്ട് തരത്തിലുള്ള ലൈസൻസുകളാണ് നൽകുന്നത്. മൊത്ത വിതരണത്തിനുള്ള ലൈസൻസും, ചില്ലറ വ്യാപാരത്തിനുള്ള ലൈസൻസും. ഇവ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. മൊത്ത വിതരണത്തിനുള്ള ലൈസൻസ് 1) ഫോം A1-ൽ ഉള്ള അപേക്ഷ പൂരിപ്പിച്ചു നൽകണം 2) 450/- രൂപയുടെ ചെല്ലാൻ ട്രഷറിയിൽ അടയ്ക്കണം (H/A - 0401-00-800-91) 3) രാസവളം/ ജൈവവളം വില്ക്കുവാൻ ഉദ്ദേശിക്കുന്ന ഉത്പാദന/ വിതരണ കമ്പനികളുടെ 'O' ഫോമുകൾ സമർപ്പിക്കണം 4) മറ്റു സംസ്ഥാനങ്ങളിലുള്ള കമ്പനികളുടെ 'O' ഫോം ആണെങ്കിൽ ആ സംസ്ഥാനത്ത് നിന്നും ലഭിച്ച മൊത്ത വിതരണ ലൈസൻസിന്റെ നോട്ടറി അറ്റസ്റ്റ് ചെയ്ത പകർപ്പ് 5) സ്വന്തമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾക്ക് a) ഏതെങ്കിലും അക്രെഡിറ്റഡ് ലബോറട്ടറികളിൽ നിന്നും ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിൽ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അനലറ്റിക്കൽ റിപ്പോർട്ട് b) നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, അവ എത്ര ശതമാനം വീതം ചേർക്കുന്നു എന്ന കണക്ക് c) നിർമ്മാണ യൂണിറ്റ് പരിശോധിച്ച റിപ്പോർട്ട് (അതാതു ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T)- യുടെ) d) അസംസ്കൃത വസ്തുക്കളുടെ 'O' ഫോമുകൾ 6) പഞ്ചായത്ത് ലൈസൻസ് 7) കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ (DDA (E&T) ബിൽഡിംഗ് സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് 8) വാടക ചീട്ടിന്റെ പകർപ്പ് (വാടക കെട്ടിടമാണെങ്കിൽ) മൊത്ത വിതരണത്തിനുള്ള |

ലൈസൻസ് നൽകുന്നത് കൃഷി ഡയറക്ടറേറ്റിൽ നിന്നും കൃഷി അഡീഷണൽ ഡയറക്ടർ (സി.പി) ആണ്. ചില്ലറ വ്യാപാരത്തിനുള്ള ലൈസൻസ് 1) ഫോം A1-ൽ പൂരിപ്പിച്ച അപേക്ഷ 2)38/- രൂപയുടെ ചെല്ലാൻ ട്രഷറിയിൽ അടയ്ക്കണം. ( H/A - 0401-00-800-91 ) 3) രാസവളം/ ജൈവവളം എന്നിവ വില്ക്കുവാൻ ഉദ്ദേശിക്കുന്ന ഉല്പാദന/ വിതരണ കമ്പനികളുടെ 'O' form 4) മറ്റു സംസ്ഥാനങ്ങളിലുള്ള കമ്പനികളുടെ 'O' ഫോം ആണെങ്കിൽ ആ സംസ്ഥാനത്ത് നിന്നും ലഭിച്ച മൊത്ത വിതരണ ലൈസൻസിന്റെ നോട്ടറി അറ്റസ്റ്റ് ചെയ്ത പകർപ്പ്. 5) പഞ്ചായത്ത് ലൈസൻസ് 6) കൃഷി ഓഫീസറുടെ ബിൽഡിംഗ് സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ്. 7) വാടക ചീട്ടിന്റെ പകർപ്പ് (വാടക കെട്ടിടം ആണെങ്കിൽ) 8) അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. വിദ്യാഭ്യാസ യോഗ്യത താഴെ പറയുന്നു. കൃഷി ശാസ്ത്ര ബിരുദം B.Sc (Agriculture) അല്ലെങ്കിൽ കെമിസ്ട്രി ബിരുദം B.Sc (Chemistry) അല്ലെങ്കിൽ കൃഷിയിൽ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് അല്ലെങ്കിൽ 15 ദിവസത്തെ INMലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് (കാർഷിക സർവ്വകലാശാല നടത്തുന്നത്) നിലവിൽ രാസവളങ്ങൾക്കും ജൈവവളങ്ങൾക്കും ഉള്ള അപേക്ഷ KSWIFT എന്ന പോർട്ടൽ മുഖേനയാണ് സമർപ്പിക്കേണ്ടത് ചില്ലറ വിതരണത്തിനുള്ള ലൈസൻസ് നല്കുന്നത് അതാത് ജില്ലകളിൽ നിന്നും പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (ഇ & റ്റി) ആണ്.

(II)കീടനാശിനികളുടെ വില്പന നടത്തുന്നതിന് ലൈസൻസ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ സംസ്ഥാനത്ത് കീടനാശിനികൾ വില്പന നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ The Insecticides Act, 1968, പ്രകാരം സംസ്ഥാനം ചുമതലപ്പെടുത്തിയിട്ടുള്ള കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ നൽകുന്ന ലൈസൻസ് ആവശ്യമാണ്. കീടനാശിനികളുടെ ഉത്പാദനം, മൊത്തക്കച്ചവടം, പെസ്റ്റ് കൺട്രോൾ ഓപ്പറേഷൻസ് എന്നിവയ്ക്കുള്ള ലൈസൻസ് കൃഷി ഡയറക്ടറേറ്റിൽ നിന്ന് ജോയിന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (പി.പി) ആണ് നൽകുന്നത്. കീടനാശിനികളുടെ ചില്ലറ വില്പനയ്ക്കുള്ള അനുമതി അതാത് ജില്ലകളിൽ നിന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (ഇ & റ്റി) ആണ് നൽകുന്നത്. ലൈസൻസിനുള്ള അപേക്ഷകൾ KSWIFT പോർട്ടൽ മുഖേന ബന്ധപ്പെട്ട കൃഷിഭവനിൽ ആണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു. 1. അപേക്ഷകന്റെ തിരിച്ചറിയിൽ

| | | | |
|---|---|---|---|
| | | | രേഖ 2. കീടനാശിനി സംഭരണ-വിൽപ്പന കേന്ദ്രത്തിന്റെ മേൽവിലാസം 3. കെട്ടിട-ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്/ നികുതി ഒടുക്കിയ രസീത് അല്ലെങ്കിൽ വാടക കരാർ 4. വാടക കെട്ടിടത്തിൽ ആണ് വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നതെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം 5.തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് 6. കെട്ടിടം കീടനാശിനി ചില്ലറ വില്പനയ്ക്ക് അനുയോജ്യമാണ് എന്നുള്ളതിന് കൃഷി ഓഫീസറും, മൊത്ത വിപണനത്തിന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)യും നൽകുന്ന സാക്ഷ്യപത്രം. 7. അപേക്ഷകന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും കൃഷി, ബയോ കെമിസ്ട്രി, ബയോ ടെക്നോളജി, ലൈഫ് സയൻസ്, സയൻസ് (കെമിസ്ട്രി, ബോട്ടണി, സുവോളജി) ഇവയിൽ ഏതെങ്കിലും വിഷയങ്ങളിൽ ലഭിച്ചിട്ടുള്ള ബിരുദ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഒരു വർഷം ദൈർഘ്യമുള്ള അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ പ്ലാന്റ് പ്രൊട്ടക്ഷൻ, പെസ്റ്റിസൈഡ് മാനേജ്മെന്റ് എന്നീ വിഷയങ്ങൾ ഉൾപ്പെട്ട ഒരു വർഷ ഡിപ്ലോമ കോഴ്സ് സർട്ടിഫിക്കറ്റ് 8. അപേക്ഷകൻ തന്നെയാണോ ടെക്നിക്കൽ പേഴ്സൺ/ അപേക്ഷകൻ ടെക്നിക്കൽ പേഴ്സണെ നിയമിക്കുകയാണോ എന്ന് രേഖപ്പെടുത്തണം. ടെക്നിക്കൽ പേഴ്സണിന്റെ നിയമന ഉത്തരവ്, സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ജോലി സ്വീകരിച്ച കത്ത് എന്നിവ സമർപ്പിച്ചിരിക്കണം 9. വിൽപ്പന നടത്തുന്ന കീടനാശിനികളുടെ പേര് വിവരം അടങ്ങിയ ലിസ്റ്റ് 10. കീടനാശിനി ഉല്പാദക കമ്പനി നൽകുന്ന പ്രിൻസിപ്പൽ സർട്ടിഫിക്കറ്റ് പഞ്ചായത്ത് പരിധിയിൽ ഒരു കീടനാശിനിയ്ക്ക് 100/- രൂപ നിരക്കിൽ പരമാവധി 1,500/- രൂപയും, കോർപ്പറേഷനിലും, മുനിസിപ്പാലിറ്റിയിലും ഒരു കീടനാശിനിയ്ക്ക് 500/- രൂപ നിരക്കിൽ പരമാവധി 7,500/- രൂപയും ലൈസൻസ് ഫീ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്. ചെല്ലാൻ മുഖേന ട്രഷറിയിൽ 0401-00-800-91 എന്ന ശീർഷകത്തിലും അടയ്ക്കാവുന്നതാണ്. |
| (ബി) | നിലവിലെ വിപണന കേന്ദ്രങ്ങളിൽ നിന്നും കർഷകർക്ക് വില്പന നടത്തുന്ന ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിലെ വിപണന കേന്ദ്രങ്ങളിൽ നിന്നും കർഷകർക്ക് വില്പന നടത്തുന്ന ജൈവവളങ്ങളുടെ സാമ്പിളുകൾ പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രവർത്തിച്ചു വരുന്ന ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മന്വർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തുന്നു. ജൈവകീടനാശിനികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് ഹൈദരാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ അയച്ച് ഗുണനിലവാരം പരിശോധന നടത്തുന്നു. ഗുണനിലവാരം ഉറപ്പ് വരുത്തിയതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ